# Initiative 32

# Leading Learning through Digital Mediums


***Ms. Dhumini. K.J***

*Govt LP School Kodaly, Pady*

*P.O Kodaly-680699, Kerala*

*glpskodaly699@gmail.com*


**The School Context** (സ്കൂൾ പശ്ചാത്തലം)

Govt LP School Kodaly is located in Kodakara block of Thrissur district in Kerala. The school is managed by the Department of Education. It is situated in a rural area. The school is Co-educational.

കേരളത്തിൽ തൃശൂർ ജില്ലയിലെ കൊടകര ബ്ലോക്കിലാണ് സ്ഥിതി ചെയ്യുന്നത്. പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന, ഗ്രാമപ്രദേശത്ത് സ്ഥിതി ചെയ്യുന്ന മിക്സഡ് സ്കൂളാണ് ജിഎൽപിഎസ് കോടാലി.

**Challenges faced due to School Closure** (സ്കൂൾ അടച്ചുപൂട്ടിയിടൽ കാലത്ത് നേരിട്ട വെല്ലുവിളികൾ)

- കോവിഡ് -19 ൽ സ്കൂൾ അടച്ചിട്ടതിനാൽ 2020-21 അധ്യനവർഷത്തിൽ ഒരു ദിവസം പോലും കുട്ടികൾക്കു സ്കൂളിൽ എത്തുവാനോ കൂട്ടുകാരുമൊത്ത് കളിച്ചുതിമിർക്കുവാനോ അധ്യാപകരുടെ സ്നേഹത്തണലിൽ ആശ്വാസം കൊള്ളുവാനോ സാധിച്ചിട്ടില്ല.
- കുട്ടികളെ നേരിൽ കാണുവാനും അവരുടെ പ്രതികരണങ്ങൾ യഥാസമയം അറിയുവാനും ഇടപെടൽ നടത്തുവാനും കഴിഞ്ഞില്ല എന്നുള്ളത് വലിയൊരു വെല്ലുവിളിയായിരുന്നു.
- നെറ്റ്‌വർക്ക് കണക്റ്റിവിറ്റി ഇല്ല.
- പഠനസമയത്ത് കുട്ടികളുടെ അടുക്കൽ സമയം ചെലവഴിക്കുവാൻ കഴിയാതെ തൊഴിലിടങ്ങളിൽ വ്യാപൃതരായ രക്ഷിതാക്കളുടെ നിസ്സഹായത.

- ഒരു ഫോണും ഒന്നിലധികം കുട്ടികളും. ഉള്ള ഫോൺ കൂടുതൽ സമയം രക്ഷിതാക്കൾ ഉപയോഗിക്കുന്നു.
- പൂർണതയില്ലാത്ത ഗൂഗിൾ മീറ്റും അധ്യാപകരേയും രക്ഷിതാക്കളേയും വല്ലാതെ ബുദ്ധിമുട്ടിച്ചു.

**Challenges faced due to School Closure (സ്കൂൾ അടച്ചുപൂട്ടിയിടൽ കാലത്ത് നേരിട്ട വെല്ലുവിളികൾ)**

- കോവിഡ് -19 ൽ സ്കൂൾ അടച്ചിട്ടതിനാൽ 2020-21 അധ്യനവർഷത്തിൽ ഒരു ദിവസം പോലും കുട്ടികൾക്കു സ്കൂളിൽ എത്തുവാനോ കൂട്ടുകാരുമൊത്ത് കളിച്ചുതിമിർക്കുവാനോ അധ്യാപകരുടെ സ്നേഹത്തണലിൽ ആശ്വാസം കൊള്ളുവാനോ സാധിച്ചിട്ടില്ല.
- കുട്ടികളെ നേരിൽ കാണുവാനും അവരുടെ പ്രതികരണങ്ങൾ യഥാസമയം അറിയുവാനും ഇടപെടൽ നടത്തുവാനും കഴിഞ്ഞില്ല എന്നുള്ളത് വലിയൊരു വെല്ലുവിളിയായിരുന്നു.
- നെറ്റ്വർക്ക് കണക്റ്റിവിറ്റി ഇല്ല.
- പഠനസമയത്ത് കുട്ടികളുടെ അടുക്കൽ സമയം ചെലവഴിക്കുവാൻ കഴിയാതെ തൊഴിലിടങ്ങളിൽ വ്യാപൃതരായ രക്ഷിതാക്കളുടെ നിസ്സഹായത.
- ഒരു ഫോണും ഒന്നിലധികം കുട്ടികളും. ഉള്ള ഫോൺ കൂടുതൽ സമയം രക്ഷിതാക്കൾ ഉപയോഗിക്കുന്നു.
- പൂർണതയില്ലാത്ത ഗൂഗിൾ മീറ്റും അധ്യാപകരേയും രക്ഷിതാക്കളേയും വല്ലാതെ ബുദ്ധിമുട്ടിച്ചു.

**Collaboration with community and parents to ensure student learning (വിദ്യാർത്ഥികളുടെ പഠനം ഉറപ്പാക്കാൻ സമൂഹവുമായും രക്ഷിതാക്കളുമായും സഹകരിച്ച് പ്രവർത്തിച്ച വിധം)**

- ഒരു കുട്ടിയെ ഒരു യൂണിറ്റാക്കി കണക്കാക്കി അധ്യാപകർ, പി.ടി.എ., എസ്.എം.സി., ഒ,എസ്,എ., പ്രവാസി കൂട്ടായ്മ തുടങ്ങിയവരുടെ സഹായത്തോടെ വിദ്യാലയത്തിലെ എല്ലാ കുട്ടികൾക്കും സ്മാർട്ട് ഫോൺ സൗകര്യം ഉറപ്പാക്കി.




- രക്ഷാകർതൃ സമിതി, വികസന സമിതി, മാതൃ സമിതി, അനുസ്യൂത പ്രവർത്തന സമിതി, ക്ലാസ് കൂട്ടായ്മ, സ്കൂൾ കൂട്ടായ്മ, പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മ, നാട്ടുക്കൂട്ടായ്മ എന്നിങ്ങനെ നിരവധി കൂട്ടായ്മകൾ വിദ്യാലയത്തിന്റെ ചാലക ശക്തികളായി പ്രവർത്തിക്കുന്നു. ഒഴിവുദിനങ്ങളിൾ ഒത്തുചേരുകയും വാട്ട്സ്ആപ് ഗ്രൂപ്പുകൾ തുടങ്ങി അറിയിപ്പുകൾ നൽകുകയും ചെയ്തു. ഈ കൂട്ടായ്മകളിലെ ൯ അംഗങ്ങൾ രാവിലെ ൯ മണി മുതൽ വിദ്യാലയത്തിലെത്തി കർമ്മനിരതരായി. ശുചീകരണം, ജൈവവൈവിധ്യ ഉദ്യാനം, നിരവധി പക്ഷികൾ അടങ്ങുന്ന ഫാമിന്റെ പരിപാലനം, പച്ചക്കറി ഉദ്യാന പരിപാലനം എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ സഹായിച്ചു.
- കൂട്ടായ്മകൾ ചേർന്ന് കമ്മ്യൂണിറ്റി കിച്ചൺ ആരംഭിച്ചു.